**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1460** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വിമാനയാത്രാക്കൂലി വർദ്ധനവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന യുദ്ധ പ്രതിസന്ധിയിൽ ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാനയാത്രാക്കൂലിയിൽ വൻ വർദ്ധനവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. വിമാനയാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി ഇടപെടൽ നടത്തുന്നതിന് കേന്ദ്ര സർക്കാരിന് 2024-ൽ സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നതും കാലാകാലങ്ങളിൽ അത് പരിഷ്കരിക്കുന്നതും, വിമാന ടിക്കറ്റ് നിരക്കിൽ എന്തെങ്കിലും ഇളവുകൾ നൽകുന്നതും വിമാന കമ്പനികളുടെ പ്രത്യേകാവകാശമാണ് എന്നും വിമാന കമ്പനികളുടെ വാണിജ്യ/വിപണന പ്രവർത്തനങ്ങളിൽ സർക്കാർ പൊതുവേ ഇടപെടാറില്ല എന്നും കേന്ദ്ര സർക്കാർ 2024-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിമാന കമ്പനികൾ അവരുടെ വിപണന തന്ത്രത്തിന്റെ ഭാഗമായി നിരക്ക് വർദ്ധിപ്പിക്കുന്ന നടപടിയിൽ കേന്ദ്ര സർക്കാരിന് നിയന്ത്രണമില്ല എന്നും കേന്ദ്ര വ്യോമയാന വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള നിയന്ത്രണം 1994-ൽ കേന്ദ്ര സർക്കാർ പിൻവലിച്ചതിലൂടെ വിമാന കമ്പനികൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്.

**(ബി)** എങ്കിൽ പ്രസ്തുത വർദ്ധനവ് പരിഹരിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയവുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** ഉണ്ട്. വിമാനയാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി ഇടപെടൽ നടത്തുന്നതിന് കേന്ദ്ര സർക്കാരിന് 2024-ൽ സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നതും കാലാകാലങ്ങളിൽ അത് പരിഷ്കരിക്കുന്നതും, വിമാന ടിക്കറ്റ് നിരക്കിൽ എന്തെങ്കിലും ഇളവുകൾ നൽകുന്നതും വിമാന കമ്പനികളുടെ പ്രത്യേകാവകാശമാണ് എന്നും വിമാന കമ്പനികളുടെ വാണിജ്യ/വിപണന പ്രവർത്തനങ്ങളിൽ സർക്കാർ പൊതുവേ ഇടപെടാറില്ല എന്നും കേന്ദ്ര സർക്കാർ 2024-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിമാന കമ്പനികൾ അവരുടെ വിപണന തന്ത്രത്തിന്റെ ഭാഗമായി നിരക്ക് വർദ്ധിപ്പിക്കുന്ന നടപടിയിൽ കേന്ദ്ര സർക്കാരിന് നിയന്ത്രണമില്ല എന്നും കേന്ദ്ര വ്യോമയാന വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള നിയന്ത്രണം 1994-ൽ കേന്ദ്ര സർക്കാർ പിൻവലിച്ചതിലൂടെ വിമാന കമ്പനികൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**